കിട്ടിയ ഉടൻതന്നെ സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ സമീപിച്ച്, അവരുടെ ശവശരീരങ്ങളും ഇൻഡ്യയിലെത്തിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഇൻഡ്യാ ഗവൺമെൻറിനോട് ആവശ്യപ്പെട്ടു. ഇൻഡ്യാ ഗവൺമെൻറ് യമൻ ഗവൺമെൻറുമായിട്ട് കൂടിയാലോചന നടത്തുകയാണ്. അതിനുള്ള തുക നിശ്ചയിക്കുന്നതിനുള്ള നടപടി ഇൻഡ്യാ ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞു. ബാക്കി നടപടികളും സ്വീകരിക്കുന്നതായിട്ടാണറിയുന്നത്.

9. ആയൂരിലെ ജീപ്പപകടം

ശ്രീ. വി. സുരേന്ദ്രപിള്ള : സർ, കഴിഞ്ഞ ഞായറാഴ്ച ആയൂർ-കൊല്ലം ലൈനിൽ ഒരു ജീപ്പും ഒരു സ്വകാര്യബസ്സും കൂട്ടിയിടിക്കുകയും ആറുപേർ സംഭവസ്ഥലത്തുവച്ച് മരിക്കുകയും മറ്റ് ആറുപേർ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽ കോളേജിലും മറ്റാശുപത്രികളിലുമൊക്കെ കഴിയുകയാണ്. ഈ റൂട്ടിൽ അപകട മരണങ്ങളും ഉണ്ടാകുന്നത് ഇതാദ്യമായിട്ടല്ല. ബസ്സും അപകടമുണ്ടാക്കുന്ന കാര്യത്തിൽ ഒട്ടും പിന്നോക്കമല്ല. കഴിഞ്ഞ രണ്ടാഴ്ചക്കുമുമ്പ് ഇതേ ബസ്സും ഇതേ ഡ്രൈവറും ഈ റൂട്ടിൽ ഓടികൊണ്ടിരിക്കുമ്പോൾ കുളത്തുപ്പുഴയിൽ നെടുവണ്ടൂർക്കടവ് എന്ന സ്ഥലത്തുവച്ച് അന്നമ്മ എന്ന 50 വയസ്സ് പ്രായമുള്ള ഒരു സ്ത്രീയെ ഇടിച്ചു. അവർ അവിടെവച്ചുതന്നെ മരിച്ചു. അതിനുശേഷം രണ്ടാഴ്ച പിന്നിട്ടപ്പോഴാണ് ഈ ബസും ഈ ഡ്രൈവറും വീണ്ടും ആറു കുടുംബങ്ങളെ തകർത്തത്. ഇങ്ങനെ ഒരു സ്ഥിതിവിശേഷം അവിടെയൊക്കെ ഉണ്ടായിട്ടും ഈ നിമിഷംവരെയും ആ കുടുംബങ്ങളിൽച്ചെന്ന് അവരെ ആശ്വസിപ്പിക്കാനോ അല്ലെങ്കിൽ അവർക്ക് വേണ്ടുന്ന മതിയായ സാമ്പത്തിക സഹായം നൽകുന്നതിനോ കഴിഞ്ഞിട്ടില്ല. ആ കുടുംബങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. പരിക്കുപറ്റിയ ആറാളുകളും മെഡിക്കൽ കോളേജിലും മറ്റു ആശുപത്രികളിലും കിടക്കുകയാണ്. ഒരു കുടുംബത്തിൻറെ നട്ടെല്ലായി പ്രവർത്തിക്കുന്ന കുടുംബനാഥനും ആറുപേരും ഒരു നിമിഷം കൊണ്ട് മരിക്കുന്ന സ്ഥിതി ഇനി മേലാൽ ഉണ്ടാകാതിരിക്കുവാനും മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക്, സാധാരണ ഗതിയിൽ ഒരാൾ മരിച്ചാൽ കൊടുക്കുന്ന ധനസഹായത്തിനുപരിയായി പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് കൂടുതൽ സഹായം കൊടുക്കാനും നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, 16-ാം തീയതിയുണ്ടായ ദാരുണമായ സംഭവത്തിൽ ഗവൺമെൻറിന് അത്യധികമായ ദുഃഖമുണ്ട്. ആറുപേരുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിശദമായി പറയുകയുണ്ടായി. ലൈൻ ബസ്സുകളും ഓടിക്കുന്ന സ്ഥലങ്ങളിലും നാഷണൽ ഹൈവേയിൽപ്പോലും ട്രക്കറുകളും ജീപ്പുകളും വളരെയധികം ആളുകളെ കയറ്റി സഞ്ചരിക്കുന്ന ഫുർപ്പാട് ഇപ്പോഴും പല സ്ഥലങ്ങളിലും ഉണ്ട്. അടുത്തകാലത്തായി ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള ട്രാഫിക് നിയന്ത്രണത്തിൻറെ പരിധിയിൽ ഇത് കൊണ്ടുവരികയും ഇത് അവസാനിപ്പിക്കുന്നതിനുള്ള നടപടികളും മിക്കവാറും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും അതിനെ മറികടന്നു പോകുന്ന സന്ദർഭങ്ങളിലാണ് പലപ്പോഴും അപകടങ്ങളുണ്ടാകുന്നത്. ഈ അടുത്തകാലത്തായി സ്വീകരിച്ചിട്ടുള്ള നടപടികൾകൊണ്ട് വളരെയധികം റോഡപകടങ്ങളും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും കർശനമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

(ജീപ്പും, ട്രക്കും ട്രാൻസ്പോർട്ട് വാഹനങ്ങളെ അവഗണിച്ച് വളരെയധികം ആളുകളെ കയറ്റിക്കൊണ്ടുപോകുന്നതു തടയാൻ) ഗവൺമെൻറ് സ്വീകരിക്കുന്നതാണ്. മരിച്ചവരുടെ കുടുംബത്തിനുള്ള ധനസഹായത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതിൽ ഒരു കേസെടുത്തിട്ടുണ്ട്. ഡ്രൈവർ ഒളിവിലാണ്. ഈ അപകടത്തെ സംബന്ധിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

VI. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 ഒക്ടോബർ 10-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 76/85/പ്ലാനിംഗ് (എസ്. ആർ. ഒ. നമ്പർ 1548/85).

(2) 1985 ഒക്ടോബർ 11-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 77/85/പ്ലാനിംഗ് (എസ്. ആർ. ഒ. നമ്പർ 1639/85).

(3) 1985 ഒക്ടോബർ 28-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 471/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1632/85).

(4) 1985 ഒക്ടോബർ 28-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 472/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1633/85).

(5) 1985 ഒക്ടോബർ 30-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 379/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1567/85).

(6) 1985 ഡിസംബർ 3-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 91/85/പ്ലാനിംഗ് (എസ്. ആർ. ഒ. നമ്പർ 198/86).

(7) കേരള ഫിഷറീസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1981-82 ലേക്കുള്ള ഡയറക്ടറുടെ റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

(8) കേരള ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1985 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ പതിനഞ്ചാമത് വാർഷിക റിപ്പോർട്ടും കണക്കും.

(9) കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1982 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ പതിനാറാമത് വാർഷിക റിപ്പോർട്ടും കണക്കും.

(10) 1984-ലെ ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണ റിപ്പോർട്ട്.

(11) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 1983-84 ലേക്കുള്ള ഒൻപതാമത് വാർഷിക റിപ്പോർട്ടും കണക്കും.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, താഴെ പറയുന്ന കടലാസുകൾ ഉപമുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 ജൂലൈ 15-ാം തീയതിയിലെ ജി. ഒ. (എം. എസ്) 77/85/പി. ഡബ്ലിയു. എഫ്. ആൻറ് പി. (എസ്. ആർ. ഒ. നമ്പർ 1045/85).

(2) 1985 ഡിസംബർ 21-ാം തീയതിയിലെ ജി. ഒ. (എം. എസ്.) 143/85/പി. ഡബ്ലിയു. ആൻറ് ആർ. (എസ്. ആർ. ഒ. നമ്പർ) 1735/85).

LIBRARY ARCHIVES Kerala Legislative Assembly